## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2206 05.12.2018 ൽ മറുപടിക്ക്

### ആറൻമുള നിയോജകമണ്ഡലത്തിൽ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.വീണാ ജോർജ്ജ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആറൻമുള നിയോജകമണ്ഡലത്തിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തീരുമാനിച്ചിരുന്നു; അവ ഏതെല്ലാം ; വ്യക്തമാക്കുമോ | (എ) | ആറൻമുള നിയോജകമണ്ഡലത്തിലെ 8 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. തെരെഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഓതറ പ്രാഥമികാരോഗ്യ കേന്ദ്രം<br>2. ചെന്നീർക്കര പ്രാഥമികാരോഗ്യ കേന്ദ്രം<br>3. ഓമല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം<br>4. കടമ്മനിട്ട പ്രാഥമികാരോഗ്യ കേന്ദ്രം<br>5. മെഴുവേലി പ്രാഥമികാരോഗ്യ കേന്ദ്രം<br>6. കുളനട പ്രാഥമികാരോഗ്യ കേന്ദ്രം<br>7. കോയിപ്രം പ്രാഥമികാരോഗ്യ കേന്ദ്രം<br>8. വല്ലന സാമൂഹികാരോഗ്യ കേന്ദ്രം |
| (ബി) | ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയെന്ന് വിശദമാക്കാമോ; | (ബി) | 2017-18 ൽ പ്രഖ്യാപിച്ച ഓതറ, ചെന്നീർക്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ (കോഴഞ്ചേരിയിൽ) ഈ സർക്കാർ വന്നതിനുശേഷം വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക എത്രയാണ്; അറിയിക്കുമോ; | (സി) | പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ 2016-17 ൽ 12,00,454/- രൂപയും, 2017-18 ൽ 19,28,000/- രൂപയും, 2018-19 ൽ 18,69,874/- രൂപയുമാണ് വിവിധ വികസനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ? | (ഡി) | വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. പാലിയേറ്റീവ് കെയർ മരുന്ന്, ഉപകരണങ്ങൾ, മെയിന്റനൻസ് - 1,00,000/-
2. എൻ.സി.ഡി. ക്ലിനിക് ശാക്തീകരണം, ഉപകരണം, മരുന്ന് - 65,000/-
3. മെഡിക്കൽ ഐ.സി.യു.-വിലേക്ക് ഉപകരണം - 4,35,454/-
4. ആർട്ടിഫിഷ്യൽ ലിംബ് സെന്റർ ശാക്തീകരണം, മെറ്റീരിയൽസ് - 6,00,000/-

**2017 - 18**

1. പാലിയേറ്റീവ് കെയർ മരുന്ന്, ഉപകരണം, മെയിന്റനൻസ് - 6,40,000/-
2. എൻ.സി.ഡി. ക്ലിനിക് ശാക്തീകരണം, ഉപകരണം, മരുന്ന് - 64,500/-
3. ആർട്ടിഫിഷ്യൽ ലിംബ് സെന്റർ ശാക്തീകരണം, മെറ്റീരിയൽസ് - 12,00,000/-
4. ദന്തൽ യൂണിറ്റ് ശാക്തീകരണം - 23,500/-

**2018 - 19**

1. പാലിയേറ്റീവ് കെയർ മരുന്ന്, ഉപകരണങ്ങൾ, മെയിന്റനൻസ് - 5,00,000/-
2. എൻ.സി.ഡി. ക്ലിനിക് ശാക്തീകരണം, ഉപകരണം, മരുന്ന് - 40,000/-
3. ആർട്ടിഫിഷ്യൽ ലിംബ് സെന്റർ ശാക്തീകരണം, മെറ്റീരിയൽസ് - 5,00,000/-
4. മെഡിക്കൽ റിക്കോർഡ് ലൈബ്രറി ശാക്തീകരണം, ഉപകരണങ്ങൾ - 3,00,000/-
5. മെഡിക്കൽ റിക്കോർഡ് ലൈബ്രറി നിർമ്മാണം - 4,00,000/-
6. ദന്തൽ യൂണിറ്റ് ശാക്തീകരണം - 79,874/-
7. സി.ഒ.പി.ഡി. ക്ലിനിക് ശാക്തീകരണം - 50,000/-

സെക്ഷൻ ഓഫീസർ